മദ്യനിരോധനം

*൩൫൪ (൫൭) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട എക്സൈസ്സ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) അടുത്തവർഷം പുതുതായി ഏതെങ്കിലും താലൂക്കുകളിൽ മദ്യനിരോധനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ? ഉണ്ടെങ്കിൽ ഏതെല്ലാം താലൂക്കുകളിൽ;

(ബി) ഇതുനിമിത്തം എത്രസംഖ്യ ഗവൺമെൻറിനു നഷ്ടമുണ്ടാകുമെന്നാണ് ഉദ്ദേശിക്കുന്നത്;

(സി) അടുത്ത വർഷത്തിൽ മദ്യനിരോധനം കാരണം ആകെ എത്ര ലക്ഷം ഉറുപ്പികയുടെ നഷ്ടം സഹിക്കേണ്ടതായിവരും;

(ഡി) ഈ നഷ്ടം നികത്തുവാൻ എന്തുമാർഗ്ഗമാണ് കണ്ടുപിടിച്ചിരിക്കുന്നത്?

ശ്രീ. എൻ. കുഞ്ഞുരാമൻ: (എ) ഉണ്ട്. പത്തനാപുരം, കൊടുങ്ങല്ലൂർ എന്നീ താലൂക്കുകളിൽ.

(ബി) ൩൹ ൦ ൦ ൦ ൦ രൂപാ.

(സി) ൭ ൫൹ ൦ ൦ ൦ ൦ രൂപാ.

(ഡി) ഇതിനംക്കുടി ഒരു മാർഗ്ഗമായിട്ടാണ് വില്പനനികുതി ഏർപ്പെടുത്തിയിരിക്കുന്നത്.

ശ്രീ. ജോസഫ് മുണ്ടശ്ശേരി: ഇതുസംബന്ധിച്ച് ഒരു സ്റ്റാറ്റിസ്റ്റിക്സ് കളക്ട് ചെയ്യാമെന്നുപറഞ്ഞതു് വരുന്ന ചിങ്ങത്തിനുമുമ്പ് ചെയ്യുവാൻ തീരുമോ?

ശ്രീ. എൻ. കുഞ്ഞുരാമൻ: വളരെ പ്രയാസമുള്ള ഒരു സംഗതിയാണതു്. അതുസംബന്ധിച്ച് പല വിവരങ്ങളും ശേഖരിക്കേണ്ടതായിവരും. ഏതായാലും അതിലേക്ക നടപടി എടുക്കാൻ പോകുന്നുണ്ട്. ചിങ്ങത്തിനു മുമ്പ് തയ്യാറാകുമോ എന്നു പറയുവാൻ ഇപ്പോൾ സാധ്യമല്ല.

ടാൻസ്പോർട്ട് ബസ്സുസർവ്വീസ്സ്

*൩൫൫. (൫൮) ശ്രീ. അലക്സാണ്ടർ വാകയിൽ: താഴെപറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ടാൻസ്പോർട്ട്വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ഇക്കഴിഞ്ഞ ആറുമാസത്തിൽ ടാൻസ്പോർട്ട്ബസ്സു സർവ്വീസ്കൊണ്ടു ലാഭമാണോ, നഷ്ടമാണോ ഉണ്ടായിട്ടുള്ളതു്;

(ബി) ലാഭമാണെങ്കിൽ എത്രസംഖ്യയാണു കിട്ടിയിട്ടുള്ളതു്?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ലാഭമാണ്.

(ബി) അതിപ്പോൾ കണക്കാക്കാൻ കണക്കുകൾ മുഴുവൻ സിദ്ധിക്കാത്തതുകൊണ്ടു സാധ്യമല്ല. ഉദ്ദേശം പത്തുലക്ഷം രൂപാവരും.

ശ്രീ. പി. ടി. ചാക്കോ: ലാഭം കിട്ടിയിട്ടുള്ള തുക യാത്രക്കാരുടെ കൂടുതൽ സൗകര്യങ്ങൾക്കുവേണ്ടി ചിലവാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ഈ തുക ഗവൺമെൻറ റവന്യൂവിൽ പോകുകയാണു ചെയ്യുന്നതു്. അതിൽനിന്നും ആവശ്യമുള്ള തുകകൾക്കു ലമ്പ്സം അലോട്ടുമെൻറായി വാങ്ങുകയും ചെയ്യുന്നുണ്ട്.

ശ്രീ. പി. ടി. ചാക്കോ: ഞാൻ ചോദിക്കുന്നതു് ലാഭം കിട്ടുന്ന തുക മുഴുവൻ യാത്രക്കാരുടെ കൂടുതൽ സൗകര്യങ്ങൾക്കായി ചിലവാക്കാൻ ഗവൺമെൻറ് ആലോചിക്കുന്നുണ്ടോ എന്നാണ്.

ശ്രീ. ജാൺ ഫിലിപ്പോസ്: അങ്ങനെ ആലോചിക്കുന്നില്ല. റയിൽവെയിലും ഇതുപോലെയുള്ള ഒരു contribution to revenue എന്ന വ്യവസ്ഥ ഉണ്ട്. ഇവിടേയും അതു ന്യായമാണ്.

ശ്രീ. സി. വി. ഐയ്യു: മാരോ ടാൻസ്പോർട്ട് ബസ്സിൽനിന്നും കിട്ടുന്ന തുകക്കുള്ള ആദായനികുതി ഇനം ഗവൺമെൻറ കുറയ്ക്കുന്നുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: ആദായനികുതി കുറയ്ക്കുന്നില്ല. എന്നാൽ ഡെപ്രീസിയേഷനും വെഹിക്കിൾടാക്സും കുറയ്ക്കുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. വി. ഇയ്യു: കൊച്ചിൻ ഡിവിഷനിൽനിന്നും തിരുവിതാംകൂറിൽനിന്നും കൊല്ലത്തിൽ ബസ്സ് ഒന്നാക്ക് ൧,൨ ൦ ൦ രൂപാവീതം ആദായ നികുതി പിരിച്ചുവരുന്നതായി ഗവണ്മെൻറിനു് അറിയാമോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: ഗവണ്മെൻറിനു് അറിവില്ല.

വേനൽനിമിത്തം മകരകൃഷി നഷ്ടം

*൩൨൩. (൨ ൦) ശ്രീ. ററി. ററി. കേശവൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) വേനലിൻെറ കാഠിന്യംനിമിത്തം മകര വിളവുകൾ കരിഞ്ഞു നഷ്ടപ്പെട്ടതായി പരാതികൾ ഗവണ്മെൻറിനു കിട്ടാനിടയായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പരാതി ഹർജികളും അറിയിപ്പുകളും ഏതെല്ലാം സ്ഥലങ്ങളിൽനിന്നും ലഭിച്ചു;

(സി) ഇതിൽ ഏതെങ്കിലും എതെങ്കിലും വിധത്തിൽ വല്ല സഹായത്തിനും അഭ്യർത്ഥിച്ചിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസ്: (എ) ഉണ്ടു്.

(ബി) അവയുടെ പട്ടിക മേശപ്പുറത്തു വയ്ക്കുന്നുണ്ടു്.

(സി) കൃഷിക്കാർ ആവശ്യപ്പെട്ടതനുസരിച്ചു് വെള്ളം പമ്പുചെയ്തു കൊടുത്തിട്ടുണ്ടു്.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: തിരുവല്ലാ താലൂക്കിൽ കോയിപ്പുറംപകുതിയിൽ ഉണ്ടായ വിളവു കരിവു് ഗവണ്മെൻറിൻെറ ദൃഷ്ടിയിൽപെട്ടിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങനെ ഒരു ഹർജി വന്നിട്ടുണ്ടു്.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: തോട്ടപ്പള്ളി പേരിയിൽ ഉണ്ടായ വിളവു കരിവിനെപ്പററി ഗവണ്മെൻറിനു പരാതി വല്ലതും കിട്ടിയിട്ടുണ്ടോ?

ശ്രീ. ഇ. ജാൺ ഫിലിപ്പോസു്: അങ്ങനെ കിട്ടിയിട്ടുള്ളതായി അറിവില്ല.

ശ്രീ. ററി. ററി. കേശവൻശാസ്ത്രി: വിളവു നശിച്ച സ്ഥലങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി പോയി അന്വേഷിച്ചിട്ടുണ്ടോ?

ശ്രീ .ഇ ജാൺ ഫിലിപ്പോസ്: അതിനു മുമ്പേതലപ്പെട്ട ഉദ്യോഗസ്ഥന്മാർ പോയി അന്വേഷിച്ചിട്ടുണ്ടു്.

പട്ടിക

തിരുവനന്തപുരം ഡിവിഷൻ

കിളിമാന്തൂർ, ആററിങ്ങൽ, കൊട്ടിയോടു്, വാമനപുരം, കിഴക്കേപ്പട്ടം, മേക്കേപ്പട്ടം, ശാസ്തമംഗലം, കണ്ടക്കടവു്, ആയ്ങ്കാട്ടു, പൂവാർ, തിരുപ്പുറം, (നെയ്യാററിൻകര) വഞ്ചുവത്തൂർ, വിളവൻകോടു്, കൽക്കുളം, തിരുവാങ്കോടു്, പൊന്മന, തിപ്പലിക്കോണം, മരുതൂർകോണം.

തിരുവല്ല

കടപ്പുറപകുതി, വളത്തവട്ടം, പാണ്ടനാടു്, കോയിപ്പുറം, ആറന്മുള.

മൂവാററുപുഴ ഡിവിഷൻ

ആയ്പുരം, കിഴക്കമ്പലം, നേരിയമംഗലം, കോതമംഗലം, മന്നാംകണ്ടം, രാജമംഗലം.

CITY SERVICE BUSES

*617 [21] **Sri. K. Ramachandran:** Will the Hon'ble Minister for Transport be pleased to state.—

(*a*) whether Government are aware that there is always a congestion in City Service buses especially just before and after office hours ?

Sri. E. John Philipose:

(*a*) Yes. There is congestion in City Service buses particularly during rush hours. Attempts are being made to relieve congestion but it may not be possible to completely relieve congestion until after a month is over.

Sri. K. Ramachandran: Are Government aware that ticketless travelling and pick-pocketing are on the increase ?

Sri. E. John Philipose: There are cases of pick pocketing. Government have taken special measures to keep watch over bus-terminals and stations.

LIBRARY ARCHIVES Kerala Legislative Assembly